(ബി) നിലവിൽ ആധാരപ്പകർപ്പുകൾക്കായുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട രജിസ്റ്റർ തെരഞ്ഞുനോക്കി ആധാരം കണ്ടുപിടിച്ച് ഡിജിറ്റൽ ക്യാമറയുടെയും കമ്പ്യൂട്ടറിന്റെയും സഹായത്താൽ പകർപ്പ് തയ്യാറാക്കുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഇതിനായി ബന്ധപ്പെട്ട ആധാരം അടങ്ങുന്ന രജിസ്റ്റർ തെരഞ്ഞുനോക്കുന്നതിനുള്ള കാലതാമസവും അപേക്ഷകളുടെ എണ്ണവും സമയപരിധിക്കുള്ളിൽ സേവനം നൽകുന്നതിന് തടസ്സമാകുന്നു. ഈ കാലതാമസം പരിഹരിക്കുന്നതിനായി നിലവിൽ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചു വരുന്ന ആധാര വാല്യങ്ങൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി, നിലവിലെ രജിസ്ട്രേഷൻ ഡേറ്റയുടെ ഭാഗമാക്കിക്കൊണ്ട് ആധാര പകർപ്പുകൾ ഉടനടി നല്കാവുന്ന തരത്തിലുള്ള സേവനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(സി) കൊട്ടാരക്കര (അഡീഷണൽ), നേമം, ചാല, പട്ടം, ശാസ്തമംഗലം, തിരുവല്ലം, തിരുവനന്തപുരം (പ്രിൻസിപ്പൽ) എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിലെ രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് നടപടി ഭാഗികമായി പൂർത്തിയായിട്ടുണ്ട്. ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിലൂടെ 320 ലക്ഷം രൂപയ്ക്ക്, 2015-16 സാമ്പത്തിക വർഷം ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

കോട്ടയം (കോടിമത) കുമരകം ചേർത്തല ടൂറിസ്റ്റ് ഹൈവേ

234(3120) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 ബജറ്റിൽ പ്രത്യേക പരിഗണന നൽകി നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയ കോട്ടയം (കോടിമത) കുമരകം ചേർത്തല നാലുവരി ടൂറിസ്റ്റ് ഹൈവേ നിർമ്മാണ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇതിനായി വകയിരുത്തിയ തുകയെത്ര ; പദ്ധതിയുടെ ചെലവിലേക്കായി ഇതിനകം ബജറ്റിൽനിന്നും പിൻവലിച്ച തുകയെത്ര; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല, പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതിരേഖ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ടി പദ്ധതിക്കായി 2011-12-ലെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിരുന്നു. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ വകയിൽ കൺസൾട്ടൻസി ഫീസായി 1,18,50,000 രൂപ കെ.ആർ.എഫ്.ബി.-യുടെ ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly